(ബി) ഇത്തരം ഒരു പാക്കേജ് നടപ്പാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എത്ര കോടി രൂപയുടെ കൈത്തറി വായ്പ എഴുതി തള്ളണമെന്ന ആവശ്യമാണ് പരിഗണനയിലുള്ളത് ;

(ഡി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) രാജ്യത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടേയും അപ്പെക്സ് സംഘങ്ങളുടെയും ബാങ്കിലെ കടബാദ്ധ്യതകൾ തീർക്കുന്നതിനായി കേന്ദ്ര സർക്കാർ ഒരു ഫിനാൻഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ നബാർഡിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ 361.15 കോടി രൂപയുടേയും അപ്പെക്സ് സംഘത്തിന്റെ 222.14 കോടി രൂപയുടേയും കടബാദ്ധ്യതകൾ (31-3-2007 വരെ) എഴുതിത്തള്ളുന്നതിനുള്ള പ്രൊപ്പോസലാണ് സംസ്ഥാന സർക്കാർ നബാർഡിന് സമർപ്പിച്ചിട്ടുള്ളത്.

(ഡി) ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ നടപടി

29 (*269) ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട് ;

(സി) വനമേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന് വനം വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങളിൽ വനശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) സർക്കാർ ഉത്തരവ് നമ്പർ 81/2010/വനം വന്യജീവി വകുപ്പ് തീയതി 27-11-2010 പ്രകാരം വനത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം താൽക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. പഴയ വേതനവും പുതുക്കിയ വേതനവും താഴെ കൊടുക്കുന്നു.

category of works	Ordinary area	Difficult area	Very difficult area
	(in Rs.)	*(in Rs.)*	*(in Rs.)*
പഴയ വേതനം			
Unskilled	146	154	162
Semi skilled	151	162	174
Skilled	167	181	193
Highly Skilled	181	197	214
പുതുക്കിയ വേതനം			
Unskilled	200	208	216
Semi skilled	205	216	228
Skilled	221	235	247
Highly Skilled	235	251	268

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് പ്രാവശ്യം കൂലി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വനപ്രദേശങ്ങളിൽ വന വികസനം, സംരക്ഷണം, തടിശേഖരണം എന്നീ ജോലികൾക്ക് വേണ്ടത്ര തദ്ദേശീയ തൊഴിലാളികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കായികമായ കഠിനാദ്ധ്വാനം ചെയ്യുന്നതിന് തൊഴിലാളികൾക്കുള്ള വിമുഖത, വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ, എത്തിച്ചേരുന്നതിനുള്ള അസൗകര്യം, വനമേഖലകളിൽ താമസിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്നിവ തൊഴിലാളികളുടെ ദൗർലഭ്യത്തിനു കാരണമാകുന്നു. ആകയാൽ വനാശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി തൊഴിലാളികളെ കണ്ടെത്തിയും വനങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

ജോലികൾ ചെയ്തുവരുന്നുണ്ട്. വനമേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യത്തിന് ഒരു ദീർഘകാല പരിഹാരമെന്ന നിലയിൽ വനമേഖലയിലെ ജോലികൾ യന്ത്രവൽക്കരിക്കുന്ന നടപടികളിലേക്ക് വനംവകുപ്പ് തിരിയേണ്ടി വരുമെന്ന ചിന്തയും ഉരുത്തിരിഞ്ഞുവരുന്നുണ്ട്.

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങളിൽ വനാശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ വനസംരക്ഷണസമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഫയർ വാച്ചർ, പ്രൊട്ടക്ഷൻ വാച്ചർ, ഗൈഡുകൾ എന്നിവരെയെല്ലാം വനാശ്രിത സമൂഹത്തിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്.

സുനാമി പുനരധിവാസ പദ്ധതി

30 (*270) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനകം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോ പദ്ധതിയിലും ചെലവാക്കിയ തുക വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ പദ്ധതിപ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ;

(ഡി) ആറാട്ടുപുഴ, ആലപ്പാട് തുടങ്ങിയ പ്രദേശങ്ങളിൽ ആവിഷ്ക്കരിച്ച പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കേണ്ടത് ; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) സുനാമി ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി റവന്യൂ വകുപ്പിന് കീഴിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പ്രോജക്ട് ഡയറക്ടറായി ടി.ആർ.പി.സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സുനാമി പുനരധിവാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല മേണിറ്ററിംഗ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly